(ബി) ഇത്തരം സെറ്റിൽമെന്റുകളിലും കോളനികളിലും പട്ടിണിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സെറ്റിൽമെന്റുകളിലേയും കോളനികളിലേയും പട്ടിണി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇല്ലാത്തപക്ഷം വനവാസികൾക്കുവേണ്ടി ട്രൈബൽ പ്ലാനിലും പട്ടികജാതിക്കാർക്കുവേണ്ടി വാർഷിക പദ്ധതിയിലും പട്ടിണിപരിഹാര പരിപാടി ഉൾക്കൊള്ളിക്കുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ)*:

(എ) ഇല്ല. എന്നാൽ കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട പൂക്കുണ്ട് കോളനിയിൽ രോഗബാധിതയായ ആദിവാസി സ്ത്രീ മരണപ്പെട്ട അവസരത്തിൽ സത്യസായി ട്രസ്റ്റ് പ്രവർത്തകർ സൗജന്യ ഭക്ഷണ വിതരണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വർഷകാലത്ത് പട്ടികവർഗ്ഗ കോളനികളിൽ പട്ടിണി ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് ഫുഡ് സപ്പോർട്ട് പ്രോഗ്രാം നടപ്പിലാക്കി വരുന്നു. വരൾച്ചയോ വെള്ളപ്പൊക്കമോ ഉണ്ടാകുന്ന അവസരത്തിൽ കോളനികളിൽ പട്ടിണി ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി സൗജന്യ റേഷനും നൽകുന്നുണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് 2004-2005 ട്രൈബൽ സബ് പ്ലാൻ പദ്ധതി പ്രകാരം പിന്നോക്കം നിൽക്കുന്ന സെറ്റിൽമെന്റുകൾ തിരഞ്ഞെടുത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കികൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പട്ടികജാതി കോളനികളിൽ ഇതുപോലുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല.

ആശുപത്രികളിൽ മെഡിക്കൽ ഓഡിറ്റ് വ്യവസ്ഥ

*7 [389] *ശ്രീമതി ശോഭനാ ജോർജ്ജ്*:
ശ്രീ. ലൂഡി ലൂയിസ്:
,, *കെ. സി. ജോസഫ്*:
,, *പി. ജെ. ജോയി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലും ഗവൺമെന്റ് മേഖലയിലുമുള്ള ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവർക്ക് ചികിത്സയെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അതിന് പരിഹാരം കാണുന്നതെപ്രകാരമെന്ന് വ്യക്തമാക്കാമോ ;

(ബി) സ്വകാര്യമേഖലയിലോ ഗവൺമെന്റ് മേഖലയിലോ ഉള്ള ആശുപത്രികളിൽ നടത്തുന്ന ചികിത്സയുടെ മെഡിക്കൽ ഓഡിറ്റ് നടത്തുവാൻ വ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വ്യവസ്ഥ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) സംസ്ഥാനത്തെ ഗവ. മേഖലയിലുള്ള ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവർക്ക് ചികിത്സയെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ രേഖാമൂലമായി അറിയിക്കുന്നപക്ഷം അന്വേഷണം നടത്തി പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ വകുപ്പ് തലവൻമാരെയും ആശുപത്രി സൂപ്രണ്ടിനെയും അധികാരപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) പരിശോധിക്കുന്നതാണ്.

എൽ. എൻ. ജി. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

*8 [390] *ശ്രീ. രാജു എബ്രഹാം:*
,, *എ. സി. മൊയ്തീൻ:*
,, *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്രവീകൃത പ്രകൃതിവാതക (എൽ. എൻ. ജി.) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ടെർമിനൽ പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഏതെല്ലാം കമ്പനികളാണ് അനുമതി വാങ്ങിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങളാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) എൽ. എൻ. ജി. പദ്ധതി സ്ഥാപിക്കുന്ന പെട്രോനെറ്റ് എൽ. എൻ. ജി. ലിമിറ്റഡ് അതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെർമിനൽ നിർമാണത്തിനുവേണ്ടിയുള്ള സാധനങ്ങൾ നൽകി പണി പൂർത്തിയാക്കു

LIBRARY ARCHIVES Kerala Legislative Assembly